

## സി.പി.എം പരാജയ ഭീതിയിലാണെന്നതിന് തെളിവ്: ഹൈബി ഈഡൻ എം.എൽ.എ

കൊച്ചി: സോളാർ കേസിൽ കോടതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചത് സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുന്നതിന് മുമ്പേ സി.പി.എം പരാജയ ഭീതിയിലായതിന്റെ തെളിവാണെന്ന് ഹൈബി ഈഡൻ എം.എൽ.എ പറഞ്ഞു. എ.ഡി.ജി.പിമാരായ അനിൽ കാന്തും രാജേഷ് ദിവാനും നിലനിൽക്കാത്ത കേസാണെന്ന് പറഞ്ഞ് പിൻമാറിയിട്ടും ഇടതുമുന്നണിയുടെ കോട്ടയം പാർലമെന്റ് സ്ഥാനാർത്ഥിയുടെ ബന്ധുവിനെക്കൊണ്ട് കേസ് തിടുക്കത്തിൽ കുത്തിപ്പൊക്കിയതിന് പിന്നിലെ രാഷ്ട്രീയം കാണാതെ പോകരുതെന്ന് ഹൈബി ഈഡൻ പറഞ്ഞു.



## ഔദ്യോഗിക വാഹനങ്ങൾക്ക് കർശന നിയന്ത്രണം

തിരുവനന്തപുരം: തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്നത് പെരുമാറ്റ ചട്ടങ്ങൾക്ക് അനുസരിച്ചായിരിക്കണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

കേന്ദ്ര, സംസ്ഥാന സർക്കാർ, പൊതമേഖലാ സ്ഥാപനങ്ങൾ, ഇരുസർക്കാരുകളുടെയും സംയുക്ത സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ, ബോർഡുകൾ, സഹകരണ സൊസൈറ്റികൾ, സ്വയംഭരണ ജില്ലാ കൗൺസിലുകൾ, പൊതുനിക്ഷേപമുള്ള സ്ഥാപനങ്ങൾ, പ്രതിരോധവകുപ്പ്, കേന്ദ്ര പൊലീസ് സേന എന്നിവയുടെയെല്ലാം വാഹനങ്ങൾ ഔദ്യോഗിക വാഹനങ്ങളുടെ ഗണത്തിൽപ്പെടും.

കേന്ദ്ര, സംസ്ഥാന മന്ത്രിമാർ സ്വകാര്യ സന്ദർശനങ്ങൾക്ക് സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കണം. അത്തരം സന്ദർശനങ്ങളിൽ മന്ത്രിയുടെ ഔദ്യോഗിക പേഴ്സണൽ സ്റ്റാഫ് അനുഗമിക്കാൻ പാടില്ല. എന്നാൽ അടിയന്തര സാഹചര്യത്തിൽ പൊതുതാത്പര്യാർത്ഥം ഔദ്യോഗിക യാത്ര വേണ്ടിവന്നാൽ സർക്കാർ വാഹനം മന്ത്രിമാർക്ക് ഉപയോഗിക്കാം. ഇത്തരം യാത്ര നടത്തുമ്പോൾ വകുപ്പ് സെക്രട്ടറി ഇതുസംബന്ധിച്ച കത്ത് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകണം.

ഇതിന്റെ പകർപ്പ് ഇലക്ഷൻ കമ്മിഷനും ലഭ്യമാക്കണം. ഇത്തരം യാത്രയ്ക്കിടെ രാഷ്ട്രീയ പരിപാടികളിലോ തിരഞ്ഞെടുപ്പ് പരിപാടികളിലോ പങ്കെടുക്കരുത്.

സംസ്ഥാനങ്ങളിൽ മന്ത്രിമാർ നടത്തുന്ന ഇത്തരം യാത്രകൾ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ മുഖേന കമ്മിഷൻ നിരീക്ഷിക്കും.

## അനന്തുവിന്റെ കൊല: മനുഷ്യാവകാശ കമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം: കരമന തളിയലിൽ നിന്ന് തട്ടിക്കൊണ്ടുപോയ അനന്തു ഗിരീഷിനെ (21) കൊല ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിൽ മനുഷ്യാവകാശ കമ്മിഷൻ കേസെടുത്തു. യുവാവിനെ കാണാതായതുമായി ബന്ധപ്പെട്ട് പൊലീസ് സ്വീകരിച്ച നടപടികളെക്കുറിച്ച് നാലാഴ്ചയ്ക്കകം ജില്ലാ പൊലീസ് മേധാവി റിപ്പോർട്ട് നൽകാൻ കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് നിർദ്ദേശിച്ചു.

അനന്തുവിനെ കാണാനില്ലെന്ന് വീട്ടുകാർ പരാതി നൽകിയിട്ടും പൊലീസ് കാര്യമായി അന്വേഷിച്ചില്ലെന്ന് വഴുതക്കാട് അജിത്കുമാറാണ് പരാതി നൽകിയത്.

കൺട്രോൾ റൂം വാഹനങ്ങൾ തലങ്ങും വിലങ്ങും പട്രോളിംഗ് നടത്തുന്ന ദേശീയപാതയിൽ നടന്ന കൊലപാതകം പൊലീസ് അറിയാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് പരാതിയിലുണ്ട്.

## സർക്കാർ പരസ്യങ്ങൾ നീക്കം ചെയ്യാൻ നിർദ്ദേശം

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷത്തോടനുബന്ധിച്ച് പൊതുസ്ഥലങ്ങളിലും കെ. എസ്. ആർ. ടി. സി. ബസുകളിലും പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾ ഉൾപ്പെടെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭരണനേട്ടങ്ങളും ജനങ്ങളെസ്വാധീനിക്കാനും സാധ്യതയുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടത്തിന് വിരുദ്ധമായ പരസ്യങ്ങളെല്ലാം നീക്കം ചെയ്യാൻ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

ഇന്നലെ സംസ്ഥാനത്തെ ഉന്നതഉദ്യോഗസ്ഥർ, കളക്ടർമാർ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിലാണ് നിർദ്ദേശം. റെയിൽവേ സ്റ്റേഷനുകളിലെയുംപൊതുസ്ഥലങ്ങളിലെയും പരസ്യങ്ങൾ നീക്കം ചെയ്യുന്നതും ഇതിൽ ഉൾപ്പെടും.

## വിമാനത്താവളം സ്വകാര്യവത്കരണം തിരഞ്ഞെടുപ്പിന് ശേഷം

തിരുവനന്തപുരം: തിരുവനന്തപുരം അടക്കം ആറ് വിമാനത്താവളങ്ങൾ സ്വകാര്യവത്കരിക്കാനുള്ള നടപടികൾ ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയാവും വരെ കേന്ദ്രസർക്കാർ മരവിപ്പിച്ചേക്കും. തിരുവനന്തപുരത്തിനു പുറമെ, മംഗളൂരു, ലക്നൗ, അഹമ്മദാബാദ്, ജയ്പൂർ, ഗുവാഹത്തി വിമാനത്താവളങ്ങളാണ് സ്വകാര്യവത്കരിക്കുന്നത്. ആറിടത്തും കരാർ നേടിയത് ഗൗതം അദാനിയുടെ അദാനി എന്റർപ്രൈസസാണ്. ഫെബ്രുവരി 28ന് അദാനിയുമായി കരാറൊപ്പിടാനാണ് തീരുമാനിച്ചിരുന്നതെങ്കിലും ഗുവാഹത്തി വിമാനത്താവളം സ്വകാര്യവത്കരണം കേസായതിനാൽ നീണ്ടുപോവുകയായിരുന്നു. അദാനിയുമായി കരാറൊപ്പിടാൻ കേന്ദ്രമന്ത്രിസഭയുടെ അനുമതി വേണം. പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നയപരമായ തീരുമാനം എടുക്കാനാവില്ലെന്നതും കരാറൊപ്പിടൽ വൈകിപ്പിച്ചു. ജൂലായ് വരെ ടെൻഡറിന് കാലാവധിയുണ്ട്. അൻപത് വർഷത്തേക്ക് വിമാനത്താവളത്തിന്റെ പ്രവർത്തനം, വികസനം, നടത്തിപ്പ് എന്നിവ പാട്ടത്തിന് അദാനിക്ക് കൈമാറും.

## പാട്ടില്ലെങ്കിൽ പിന്നെന്ത് പ്രചാരണം

# പാട്ടെഴുത്തുകാരും തിരക്കിലാണ്

ശ്രീകുമാർ പള്ളീലേത്ത്

KAUMUDI SPECIAL

തിരുവനന്തപുരം: തീ പാറുന്ന ആവേശത്തിൽ നാടെങ്ങും തിരഞ്ഞെടുപ്പ് പ്രചാരണം കൊഴുക്കുമ്പോൾ മലയാളത്തിന്റെ പ്രിയഗാനരചയിതാക്കൾക്കും തിരക്കോട് തിരക്കാണ്. സിനിമാ ഗാനങ്ങളെ വെല്ലുന്ന പാട്ടെഴുതാൻ മുൻനിര പാട്ടെഴുത്തുകാരെയാണ് സ്ഥാനാർത്ഥികൾ സമീപിക്കുന്നത്. വയലാർ ശരത്ചന്ദ്രവർമ, അനിൽ പനച്ചൂരാൻ, രാജീവ് ആലുങ്കൽ എന്നിവരെല്ലാം ഗാനങ്ങൾ എഴുതിത്തുടങ്ങി.

ആലപ്പുഴ മണ്ഡലത്തിലെ ഇടതു സ്ഥാനാർത്ഥി എ.എം. ആരിഫിന് വേണ്ടിയുള്ള ഗാനരചന ശരത്ചന്ദ്രവർമ്മ തുടങ്ങി. 'ആരിഫ് നമ്മുടെ ചങ്കല്ലേ, പാട്ടെഴുതാതിരിക്കാൻ കഴിയില്ല. കൊല്ലത്തെ സ്ഥാനാർത്ഥി കെ.എൻ.ബാലഗോപാൽ, ചിറ്റയം ഗോപകുമാർ, രാജാജി മാത്യു തോമസ്, സുനീർ തുടങ്ങിയവർക്കു വേണ്ടിയും എഴുതേണ്ടിവരും. ഏറ്റവും പ്രിയപ്പെട്ടവർക്ക് വേണ്ടി പാട്ടുകളെഴുതുമ്പോൾ പ്രതിഫലത്തെക്കുറിച്ച് ചിന്തിക്കാറുമില്ല.

### വ്യത്യസ്തനായി ആലുങ്കൽ



കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ സ്ഥാനാർത്ഥികൾക്ക് വേണ്ടി ഗാനരചന നടത്താറുള്ള രാജീവ് ആലുങ്കലിന് സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായെങ്കിലേ കാര്യങ്ങൾക്ക് ഒരു വ്യക്തത വരൂ. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ രീതിയാണ് ആലുങ്കലിന്. പാട്ട് ആവശ്യപ്പെടുന്നവർക്ക് രചനയും സംഗീതവും റെക്കാഡിംഗുമടക്കമുള്ള എല്ലാ ജോലികളും തീർത്ത് നൽകും.



"അടിസ്ഥാനപരമായി ഞാൻ ഇടതുപക്ഷ ചിന്താഗതിക്കാരനാണ്. പക്ഷേ പാട്ടെഴുത്ത് തൊഴിലായതിനാൽ ആര് സമീപിച്ചാലും പറ്റില്ലെന്ന് പറയാൻ പറ്റില്ല. തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ ചുമ്മാ തെറിച്ചുപോട്ടെ, ഒരു പെഗ്ഗ് റമ്മടിച്ചാൽ ഈശ്വരൻ പിണങ്ങുമെങ്കിൽ ചുമ്മാ പിണങ്ങിക്കോട്ടെ എന്ന് എന്റെ അച്ഛൻ വയലാർ രാമവർമ്മ എഴുതിയിട്ടുണ്ട്. അതേ വയലാർ തന്നെയാണ് ശബരിമലയിൽ തങ്കസൂര്യോദയം എഴുതിയതും.

-വയലാർ ശരത്ചന്ദ്രവർമ

### ഇടതുപക്ഷത്തെ കൈവിട്ട് പനച്ചൂരാൻ

'ചോരവീണ മണ്ണിൽ നിന്നുയർന്നു വന്ന പൂമരം, ചേതനയിൽ നൂറുനൂറു പൂക്കളായ് പൊലിക്കവെ'.... ഈ ഗാനത്തിലൂടെ പ്രശസ്തനായ അനിൽ പനച്ചൂരാൻ, ഇത്തവണ ഇടതുപക്ഷത്തിന് വേണ്ടി തിരഞ്ഞെടുപ്പ് പ്രചാരണ ഗാനങ്ങൾ എഴുതില്ലെന്ന നിലപാടിലാണ്.

വ്യക്തിപരമായ ചില കാഴ്ചപ്പാടുകളുടെ ഭാഗമാണ് ആ തീരുമാനം. തിരുവനന്തപുരം മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂരിന് വേണ്ടി ഗാനങ്ങൾ എഴുതാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലത്ത് എൻ.കെ. പ്രേമചന്ദ്രന് വേണ്ടിയും എഴുതും. കൊടിക്കുന്നിൽ സുരേഷുമായും അടുത്ത വ്യക്തിബന്ധമുണ്ട്. ആലപ്പുഴയിൽ കെ.സി. വേണുഗോപാൽ മത്സരിച്ചിരുന്നെങ്കിൽ നിശ്ചയമായും പാട്ടെഴുതിയേനെയെന്നും പനച്ചൂരാൻ പറയുന്നു.



"കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞാൻ പാട്ടെഴുതിയ സ്ഥാനാർത്ഥികളിൽ ഡീൻ കുര്യാക്കോസ് മാത്രമാണ് പരാജയപ്പെട്ടത്. നിയമസഭാ തിരഞ്ഞെടുപ്പിൽ കുട്ടനാട് മണ്ഡലത്തിലെ ബി.ഡി.ജെ.എസ് സ്ഥാനാർത്ഥി സുഭാഷ് വാസുവിന് വേണ്ടി പാട്ടെഴുതിയിരുന്നു.

-അനിൽ പനച്ചൂരാൻ

## പ്രചാരണത്തിൽ എൽ.ഡി.എഫ് ബഹുദൂരം മുന്നിൽ

■ സ്ഥാനാർത്ഥി നിർണയം പോലുമാകാതെ യു.ഡി.എഫും എൻ.ഡി.എയും



തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളെ കഴിഞ്ഞയാഴ്ച തീരുമാനിച്ച ഇടതുമുന്നണി ഇന്നലെയോടെ സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലെയും പാർലമെന്റ് മണ്ഡലം കൺവെൻഷനുകൾ പൂർത്തിയാക്കി അടുത്ത പ്രചാരണഘട്ടത്തിലേക്ക് കടന്നു. ഇന്നലെ മുതൽ വിവിധ മണ്ഡലങ്ങളിൽ ബൂത്ത് തല കൺവെൻഷനുകൾ തുടങ്ങി. ഈ മാസം 20നകം മുഴുവൻ ബൂത്ത് കൺവെൻഷനുകളും പൂർത്തിയാക്കി പൂർണസമയ പ്രചാരണപ്രവർത്തനത്തിലേക്ക് നീങ്ങാനാണ് തീരുമാനം.

അതേസമയം, കോൺഗ്രസും ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എയും ഇനിയും സ്ഥാനാർത്ഥികളെ പോലും നിശ്ചയിച്ചിട്ടില്ല. ബി.ജെ.പി സ്ഥാനാർത്ഥികളെ അടുത്ത രണ്ട് ദിവസത്തിനകം പാർട്ടി കേന്ദ്രകമ്മിറ്റി പ്രഖ്യാപിക്കുമെന്ന സൂചനയുണ്ട്. കോൺഗ്രസ് സ്ഥാനാർത്ഥികളെ നാളെ പ്രഖ്യാപിച്ചേക്കും. ഇന്ന് ഡൽഹിയിൽ കോൺഗ്രസ് അഖിലേന്ത്യാ സ്ക്രീനിംഗ് കമ്മിറ്റി ചേരുന്നുണ്ട്. ഇതിന് മുമ്പായി അന്തിമ സാദ്ധ്യതാപട്ടിക നൽകാൻ കേരളത്തിലെ നേതാക്കളോട് ഹൈക്കമാൻഡ് നിർദ്ദേശിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്-എമ്മിലെ തർക്കവും യു.ഡി.എഫിന് തലവേദനയായി. രാഹുൽ ഗാന്ധി കോഴിക്കോട്ട് ജനമഹാറാലിയിൽ പങ്കെടുത്ത ഇന്നലെ തന്നെ എ.ഐ.സി.സി മുൻ വക്താവ് ടോം വടക്കൻ ബി.ജെ.പിയിലേക്ക് ചേക്കേറിയതും സംസ്ഥാനരാഷ്ട്രീയത്തിൽ ചർച്ചാവിഷയമായി. ഇടതുപക്ഷവും ബി.ജെ.പിയും ഒരുപോലെ കോൺഗ്രസിനെതിരെ ഇത് ആയുധമാക്കുന്നു.

ബി.ജെ.പിയിൽ സ്ഥാനാർത്ഥിത്വം സംബന്ധിച്ച പാർട്ടിക്കുള്ളിലെ ചേരിപ്പോര് നേതൃത്വത്തിന് തലവേദന സൃഷ്ടിക്കുന്നുണ്ട്.

## തിരഞ്ഞെടുപ്പ് നടത്താൻ

# 30 ഐ.എ.എസുകാർ കേരളം വിടുന്നു

■ രണ്ടര മാസം ഭരണകാര്യങ്ങളും ഫയലുകളും ഇഴയും

എം.എച്ച് വിഷ്ണു



തിരുവനന്തപുരം: ജില്ലാകളക്ടർമാരും ഉന്നതപദവികളിലുള്ളവരുമൊഴികെ മിക്ക ഐ.എ.എസ് ഉദ്യോഗസ്ഥരും ഇനിയുള്ള രണ്ടര മാസം കേരളത്തിലുണ്ടാവില്ല. ഉത്തരേന്ത്യൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ലോക്സഭാ, നിയമസഭ തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പുകാരായും നിരീക്ഷകരായും കേരളത്തിലെ 30 ഐ.എ.എസുകാരെ നിയോഗിക്കുന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഡയറക്ടർ നിഖിൽകുമാറിന്റെ ആവശ്യപ്രകാരം ഇവരുടെ പട്ടിക ചീഫ് സെക്രട്ടറി ടോം ജോസ് ഇന്നലെ ഡൽഹിക്കയച്ചു. 26നകം എല്ലാവരും ഡൽഹിയിൽ റിപ്പോർട്ട് ചെയ്യണം.

മാവോയിസ്റ്റ് മേഖലകളിലടക്കം തിരഞ്ഞെടുപ്പ് സുഗമമായി നടത്താനും സുരക്ഷാക്രമീകരണങ്ങൾ ഒരുക്കാനും ഇവർക്ക് ചുമതലയുണ്ടാവും. പ്രചാരണം, ചെലവ് എന്നിവയെല്ലാം നിരീക്ഷിക്കണം. ആനന്ദ്സിംഗ്, രത്തൻ ഖേൽക്കർ, കേശവേന്ദ്രകുമാർ, എസ്. ഷാനവാസ്, അബ്ദുൾനാസർ, മുഹമ്മദ് ഹനീഷ്, അജിത് പാട്ടീൽ, എസ്. ഹരികിഷോർ, എ. ഷൈനാമോൾ, ടി. മിത്ര, ജാഫർമാലിക്, വീണാ മാധവൻ, എസ്. വെങ്കിടേസപതി, പി. ബാലകിരൺ, എ. ഷാജഹാൻ, പി. വേണുഗോപാൽ, കെ. ഗോപാലകൃഷ്ണ ഭട്ട്, കെ.എൻ. സതീശ്, അസ്ഗർ അലിപാഷ, അൽക്കേഷ് ശർമ്മ, എ. ജയതിലക്, രാജൻ ഖൊബ്രഗഡെ, റാണിജോർജ്, ടി.വി. സുഭാഷ്, എൻ. പ്രശാന്ത്, മനോജ് ജോഷി, എ. കൗശിഗൻ, ഡോ.ബി. അശോക്, യു.വി. ജോസ്, എൻ. പദ്മകുമാർ എന്നിവരാണ് പോകുന്നത്.

വോട്ടെണ്ണലും നടപടിക്രമങ്ങളുമെല്ലാം പൂർത്തിയാക്കിയേ ഇവർക്ക് മടങ്ങാനാവൂ.

അതുവരെ സംസ്ഥാനത്ത് ഭരണസ്തംഭനമുണ്ടാകാം. എന്നാൽ, പുതിയ തീരുമാനങ്ങളൊന്നും കൈക്കൊള്ളേണ്ട സാഹചര്യമില്ലാത്തതിനാൽ ഫയലുകൾ നീങ്ങാൻ കാര്യമായ തടസം വരേണ്ടതില്ല.

പരിശീലനത്തിലുള്ള എം.ജി. രാജമാണിക്യം, പ്രളയാനന്തര കേരള പുനർനിർമ്മാണത്തിന്റെ ചുമതലയുള്ള കെ. ബിജു, ശ്രീപദ്മനാഭ സ്വാമി ക്ഷേത്രം എക്സിക്യൂട്ടിവ് ഓഫീസർ വി. രതീശൻ, എക്സ്പെൻഡിച്ചർ സെക്രട്ടറി ഷർമിള മേരിജോസഫ്, മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽഡ്യൂട്ടി എം. ശിവശങ്കർ, കേരള ഹൗസ് റസിഡന്റ് കമ്മിഷണർ പുനീത്കുമാർ എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്.

### നിരീക്ഷണം ചില്ലറക്കാര്യമല്ല

- മണ്ഡലത്തിലുടനീളം സഞ്ചരിച്ച് ക്രമക്കേടുകളും നിയമലംഘനവും കണ്ടെത്തി നടപടിയെടുക്കണം
- പെരുമാറ്റച്ചട്ടം കൃത്യമായി നടപ്പാക്കണം, ലംഘനമുണ്ടായാൽ എഫ്.ഐ.ആറിന് നടപടിയെടുക്കാം
- മാവോയിസ്റ്റ്, തീവ്രവാദ ഭീഷണിയുള്ളിടത്ത് സുരക്ഷയൊരുക്കി ജനങ്ങളിൽ ആത്മവിശ്വാസമുണ്ടാക്കണം
- വോട്ടിനായി പണമോ സമ്മാനങ്ങളോ നൽകുന്നതും കള്ളപ്പണം, സ്വർണം ഒഴുക്കുന്നതും കണ്ടെത്തണം
- എല്ലാദിവസവും രണ്ടുമണിക്കൂർ ജനങ്ങളെ കാണണം. പ്രചാരണ ചെലവിന്റെ കണക്കെടുക്കണം.



കോഴിക്കോട് നടന്ന ജന മഹാറാലിയിൽ പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്ന കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി

## രാഷ്ട്രീയപ്പാർട്ടികളെ വിഷയത്തിന്റെ പേരിൽ നിയന്ത്രിക്കാനാവില്ല: സി.പി. ജോൺ

തിരുവനന്തപുരം: തിരഞ്ഞെടുപ്പ് പ്രചരണത്തിൽ രാഷ്ട്രീയ പാർട്ടികളെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി സെൻഷർ ചെയ്യാൻ ഒരു ഇലക്ടറൽ ഓഫീസറെയും ജനപ്രാതിനിധ്യ നിയമം ചുമതലപ്പെടുത്തിയിട്ടില്ലെന്ന് സി.എം.പി ജനറൽ സെക്രട്ടറി സി.പി.ജോൺ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രചാരണത്തിൽ ഒരു വിഷയം പറയരുതെന്ന് പറയാനുള്ള അവകാശം ആർക്കുമില്ല. കേരളാ കോൺഗ്രസ് എമ്മിന്റെ സ്ഥാനാർത്ഥിയെ തീരുമാനിക്കാനുള്ള അധികാരം ആ പാർട്ടിക്കാണ്.

# മാണിക്കും പുത്രനും ക്ഷീണം; മുന്നണിക്ക് ആശ്വാസം

വി.ജയകുമാർ



കോട്ടയം: കെ. എം. മാണി വെട്ടിയ പി.ജെ. ജോസഫിനെ യു.ഡി.എഫ് പൊതു സ്വതന്ത്രനായി ഇടുക്കിയിൽ മത്സരിപ്പിച്ചാൽ മുന്നണിയിലെ പ്രതിസന്ധി തത്കാലം ഒഴിവാകും. ജോസഫിനെ രാഷ്ട്രീയ വനവാസത്തിന് അയയ്ക്കാതെ കോൺഗ്രസ് നേതാക്കൾ കൈകൊട്ടത്ത് ഉയർത്തുന്നത് മാണിക്കും ജോസ് കെ. മാണിക്കും ക്ഷീണമാകുമെങ്കിലും കോട്ടയത്തെ ചൊല്ലിയുള്ള തർക്കത്തിൽ നിന്ന് മാണിഗ്രൂപ്പിന് തടിയൂരാം.

കോട്ടയം സീറ്റ് ആര് പറഞ്ഞാലും വിട്ടു കൊടുക്കില്ല. ജോസഫിന് ഇടുക്കി കൊടുത്ത് പ്രശ്നം പരിഹരിക്കുന്നതിൽ എതിർപ്പില്ലെന്നായിരുന്നു മാണിയുടെ വിശ്വസ്തനായ റോഷി അഗസ്റ്റിൻ എം.എൽ.എ ഇന്നലെ മാദ്ധ്യമങ്ങളോട് പറഞ്ഞത്. ജോസഫിന് ഇടുക്കി കിട്ടാൻ സാദ്ധ്യതയില്ലെന്ന മട്ടിലുള്ള പറച്ചിലായിരുന്നെങ്കിലും മാണി ഗ്രൂപ്പിന്റെ മൗനസമ്മതം പോലെയാണ് അത് ഭവിച്ചത്. പ്രചാരണം ശക്തമാക്കിയ തോമസ് ചാഴികാടനെ പിൻവലിച്ചാൽ ക്നാനായ കത്തോലിക്ക വിഭാഗം തിരിയും. അത് മദ്ധ്യ കേരളത്തിൽ കോൺഗ്രസിന്റെ പല സ്ഥാനാർത്ഥികളുടെയും ജയസാദ്ധ്യതയെ വരെ ബാധിക്കാം. അതുകൊണ്ടു തന്നെ ജോസഫ് ആഗ്രഹിച്ചാലും കോൺഗ്രസ് മാണിയുമായി ആ ചർച്ചയ്ക്കു തയ്യാറല്ല. ചാഴികാടനെ ആരു പറഞ്ഞാലും മാറ്റില്ലെന്ന് മാണി ഗ്രൂപ്പ് വ്യക്തമാക്കിയതോടെ കോട്ടയത്ത് ജോസഫ് മത്സരിക്കുക എന്നത് അടഞ്ഞ അദ്ധ്യായമായി.

കോട്ടയത്ത് മാണി ഗ്രൂപ്പ് സ്ഥാനാർത്ഥി തോറ്റാൽ തന്നെ കുറ്റപ്പെടുത്തരുതെന്ന് വരെ ജോസഫ് പറഞ്ഞുവച്ചിരുന്നു.

## ടോം വടക്കൻ ബി.ജെ.പിയിൽ; കോൺഗ്രസ് വിട്ടത് പുൽവാമ നിലപാടിൽ പ്രതിഷേധിച്ച്




# അന്ന് സോണിയയുടെ വിശ്വസ്തൻ; രാഹുൽ വന്നപ്പോൾ പുറത്തായി

ന്യൂഡൽഹി: ബി.ജെപിയിൽ ചേർന്ന കോൺഗ്രസ് വക്താവും മലയാളിയുമായ ടോം വടക്കൻ ഒരുകാലത്ത് സോണിയാ ഗാന്ധിയുടെ വിശ്വസ്ത സംഘത്തിന്റെ ഭാഗമായിരുന്നു. സോണിയ പാർട്ടി അദ്ധ്യക്ഷയായ ശേഷം ടോം വടക്കനെ മാദ്ധ്യമ സെല്ലിന്റെ ചുമതലയുള്ള എ.ഐ.സി.സി സെക്രട്ടറിയാക്കി.

രണ്ടാം യു.പി.എ സർക്കാരിന്റെ അവസാന കാലം വരെ കോൺഗ്രസിന്റെ വക്താവായി ദേശീയ മാദ്ധ്യമങ്ങളിൽ തിളങ്ങിയ ടോം വടക്കൻ രാഹുൽ ഗാന്ധിയുടെ സ്വന്തക്കാർ പാർട്ടിയുടെ നിയന്ത്രണം ഏറ്റെടുത്തതോടെ ഒതുക്കപ്പെട്ടു.

2009ൽ തൃശ്ശൂരിൽ നിന്ന് ലോക്സഭയിലേക്ക് ടോം വടക്കനെ ഹൈക്കമാൻഡ് നിർദ്ദേശിച്ചെങ്കിലും ജില്ലാ നേതൃത്വത്തിന്റെ എതിർപ്പിൽ അവസരം നഷ്ടമായി. ഇത്തവണയും സാദ്ധ്യതയില്ലെന്ന തിരിച്ചറിവിലാണ് ബി.ജെ.പിയിലേക്ക് ചാടിയത്. ബി.ജെ.പി എം.പി രാകേഷ് സിൻഹയാണ് മുൻകൈയെടുത്തതെന്ന് അറിയുന്നു.

ദേശീയ അദ്ധ്യക്ഷൻ അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ഇന്നലെ ടോം വടക്കൻ തീരുമാനം പ്രഖ്യാപിച്ചത്. കോൺഗ്രസിലെ പല രഹസ്യങ്ങളും അറിയുന്ന ആൾ എന്ന നിലയിലും ക്രൈസ്തവ പ്രതിനിധി എന്ന നിലയിലും ടോം വടക്കനെ തിരഞ്ഞെടുപ്പിൽ പ്രയോജനപ്പെടുത്താമെന്ന് ബി.ജെ.പി പ്രതീക്ഷിക്കുന്നുണ്ടാകും. സ്ഥാനാർത്ഥിത്വം സ്ഥിരീകരിച്ചിട്ടില്ലെങ്കിലും ടോം വടക്കനെ പ്രചാരണത്തിന് ഉപയോഗിക്കുമെന്ന് കേരള നേതൃത്വം പറഞ്ഞിട്ടുണ്ട്. തൃശ്ശൂർ, ചാലക്കുടി, എറണാകുളം, ഇടുക്കി തുടങ്ങിയ ഏതെങ്കിലും മണ്ഡലത്തിൽ ടിക്കറ്റ് നൽകാനുമിടയുണ്ട്.

# അല്ലെങ്കിലും മലയാളം രണ്ടാം പേപ്പർ ചതിക്കൂല്ല!

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ഒട്ടും പ്രയാസമില്ലാതെ, രസകരമായി പരീക്ഷയെഴുതാൻ കഴിഞ്ഞതിലെ സന്തോഷത്തിലായിരുന്നു ഇന്നലെ എസ്.എസ്.എൽ.എസി, പ്ലസ്ടു വിദ്യാർത്ഥികൾ. എന്നത്തേയും പോലെ എല്ലാ നിലവാരക്കാരെയും ഒരുപോലെ സന്തോഷിപ്പിക്കാൻ ഇന്നലെ നടന്ന മലയാളം രണ്ടാം പേപ്പറിനായി.

പത്താം ക്ലാസ് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയ ശൈലി സവിശേഷവും അഭിനന്ദനമർഹിക്കുന്നതുമാണെന്നാണ് അദ്ധ്യാപകരുടെ അഭിപ്രായം. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ അക്ഷീണം പ്രവർത്തിച്ച ശ്രീനാരായണ ഗുരുദേവനിൽ ഊന്നി നിന്ന് സമകാലിക കേരള സമൂഹത്തെ കുറിച്ച് എഴുതാനായിരുന്ന ഉപന്യാസത്തിന്റെ ചോദ്യം. തകഴിയുടെ രണ്ടിടങ്ങഴി നോവലിൽ ദാരിദ്ര്യവും വിശപ്പും കാരണം മനുഷ്യൻ മോഷ്ടിക്കുന്നത് തെറ്റല്ല എന്ന സന്ദേശത്തെ ഉൾക്കൊണ്ട് വിശദീകരിക്കാനായിരുന്നു മറ്റൊരു ചോദ്യം. മനുഷ്യസ്നേഹവും ബന്ധങ്ങളുടെ തീവ്രതയും ആവിഷ്കരിക്കുന്ന കാരൂരിന്റെ 'കോഴിയും കിഴവിയും' എന്ന കഥയെ മുൻനിർത്തിയുള്ള ചോദ്യത്തിനും എളുപ്പത്തിൽ ഉത്തരമെഴുതാനായെന്ന് വിദ്യാർത്ഥികൾ പറഞ്ഞു.

പ്ലസ്ടു മലയാളം രണ്ടാം പേപ്പർ പരീക്ഷയും പത്താം ക്ലാസുകാരുടേതിനു സമാനമായിരുന്നു. ഒരുപാട് ആലോചിക്കേണ്ട ആവശ്യമില്ലായിരുന്നു. ക്ലാസിലിരുന്നു കേട്ട ഓർമ്മയിൽ പോലും ഉത്തരമെഴുതാനായെന്ന് വിദ്യാർത്ഥികൾ പറഞ്ഞു.

എസ്.എസ്.എൽ.സി, പ്ലസ്ടു വിഭാഗങ്ങളിൽ സംസ്കൃതം, തമിഴ്, കന്നട, അറബിക് ഭാഷാ രണ്ടാം പേപ്പർ പരീക്ഷയും, ഫിഷറീസ് സയൻസ് ടെക്നിക്കൽ സ്കൂളുകളിൽ ഫിഷറീസ് സയൻസ് പരീക്ഷയും നടന്നു.

"പത്താം ക്ലാസിലെ ചോദ്യങ്ങളെല്ലാം സിലബസിൽ നിന്നു തന്നെയുള്ളതായിരുന്നു. ശരാശരിക്കു താഴെയുള്ള വിദ്യാർത്ഥികൾക്കു പോലും എളുപ്പത്തിൽ ഉത്തരമെഴുതാൻ കഴിയുന്നതായിരുന്നു.

ജോൺ കെന്നഡി, മലയാളം അദ്ധ്യാപകൻ
പത്തനംതിട്ട മോഡൽ റസിഡൻഷ്യൽ സ്കൂൾ

"പ്ലസ് ടു പരീക്ഷയുടെ ചോദ്യപേപ്പർ മികച്ച രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത് എല്ലാ പാഠഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സാംസൺ വില്ലൂർ, മലയാളം അദ്ധ്യാപകൻ
പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ